പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T. 2737 21.06.2012 - ൽ മറുപടിക്ക്**

**നെല്ല് സംഭരണത്തിനുള്ള സംവിധാനങ്ങൾ**

**ചോദ്യം**

**ശ്രീ. ജോസഫ് വാഴക്കൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. വി.ഡി. സതീശൻ**
**ശ്രീ. കെ. അച്ചുതൻ**

എ) നെല്ല് സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)**

എ) സപ്ലൈക്കോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് '7' ദിവസത്തിനകം കേന്ദ്രഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് നൽകിയ കർഷകരുടെ നെല്ലിന്റെ വില നൽകുന്നതു സംബന്ധിച്ചുള്ള വിവരം വെബ് സൈറ്റിൽ ലഭ്യമാണ്. നെല്ലിന്റെ വില പൂർണ്ണമായും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നൽകുന്നത്. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തന്നെ വില ലഭിക്കുന്നു.

നെല്ലു സംഭരണത്തിന് ആവശ്യമായ '64' മില്ലുകളെ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായി തന്നെ ഏർപ്പാടാക്കിയിട്ടുണ്ട്. ഇതുമൂലം പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്കും, മില്ലുകാർക്കും, നെല്ലു സംഭരണം ഊർജ്ജിതമാക്കുന്നതിനുവേണ്ടി ഇതുമായി ബന്ധപ്പെട്ടവരുടെ ഏകോപനം നടത്തുന്നതിനും, സംഭരണത്തിൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ മുൻപേ കണ്ട് വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

കേന്ദ്ര സർക്കാർ നൽകുന്ന നെല്ലിന്റെ താങ്ങുവിലയായ കിലോയ്ക്ക് 10.80 രൂപ എന്നത് സംസ്ഥാന സർക്കാർ 15 രൂപയായി ഉയർത്തിയിട്ടുണ്ട്.

സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി

മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിയ്ക്കുന്നുണ്ട്.

സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, പണിക്കാർ,തൊഴിൽപ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്കപരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോ നെല്ല് സംഭരിക്കാത്ത സ്ഥലങ്ങളിൽ കൺസ്യൂമർ ഫെഡ് വഴി സഹകരണ സംഘങ്ങളിൽ നിന്നും നെല്ല് സംഭരിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| ബി) | നെല്ല് സംഭരണത്തിനായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത് ; | ബി) | സംസ്ഥാനത്ത് സപ്ലൈകോ സംഭരിക്കുന്ന നെല്ലിന് കി.ഗ്രാമിന് 15 (പതിനഞ്ച്) രൂപയാണ് നൽകുന്നത്. |
| സി) | കർഷകർക്ക് പ്രതിഫലം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) | കർഷകർ നെല്ലു നൽകിയതിനു ശേഷം അവർക്കു ലഭിക്കുന്ന പാഡി രസീത്, പാഡി പേയ്മെന്റ് ഓഫീസിൽ ഹാജരാക്കുന്ന മുറയ്ക്ക് വെരിഫിക്കേഷൻ നടത്തി, അവരുടെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് നെല്ലിൻെറ വില നൽകുകയാണ് ചെയ്യുന്നത്. ഇതിനായി പാലക്കാട്, തൃശ്ശൂർ, കോട്ടയം , മങ്കൊമ്പ്, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പാഡി പെയ്മെന്റ് ഓഫീസുകൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ഇതു മൂലം നെല്ലിൻെറ വില ഇടനിലക്കാരുടെ കൈകളിൽ എത്തിപ്പെടാതെ കൃത്യമായി കർഷകരുടെ അക്കൗണ്ടുകളിലെത്തുന്നു. |
| ഡി) | കഴിഞ്ഞ സംഭരണ കാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | ഡി) | കഴിഞ്ഞ സംഭരണ കാലയളവിൽ (2011-12 1st season) 1544703.76 ക്വിന്റൽ നെല്ലാണ് സപ്ലൈകോ സംഭരിച്ചത്. 2012 ൽ 334690 കിലോ നെല്ല് സഹകരണ സംഘങ്ങൾ വഴി കർഷകരിൽ നിന്നും കൺസ്യൂമർ ഫെഡറേഷനും സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.